(ബി) ഈ പദ്ധതിക്കായി കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അനുമതി നേടിയെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഇല്ല. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. എയർ കേരള ഇന്റർനാഷണൽ സർവ്വീസ് കമ്പനിക്ക് പ്രസ്തുത യോഗ്യതകൾ ഇല്ലാത്തതിനാലാണ് നിബന്ധനകൾ പാലിക്കപ്പെടാൻ കഴിയാത്തത്.

(ബി) ഇല്ല. എയർ കേരള ഇന്റർനാഷണൽ സർവ്വീസ് കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവുചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തർദ്ദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA' എന്ന പേരിൽ International Budget Air അനുവദിക്കുന്നതിന് ആവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ നിരന്തരം ആവശ്യപ്പെട്ടുവരുന്നുണ്ട്. 8-6-2015-ലും മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

കൊഞ്ചുവളർത്തൽ പദ്ധതി

11 (*461) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെമ്മീൻ കയറ്റുമതിയിൽ, പ്രധാനമായും വളർത്തു കൊഞ്ചിൽ നിന്നാണ് കൂടുതൽ വരുമാനം ലഭിക്കുന്നതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൽ സംസ്ഥാനത്തിന്റെ സംഭാവന എത്രത്തോളമെന്ന് വിശദമാക്കുമോ ;

(സി) കയറ്റുമതി പ്രാധാന്യമുള്ള കൊഞ്ചിനങ്ങൾ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) ഉണ്ട്.

(ബി) MPEDA-യുടെ കണക്കുകൾ പ്രകാരം 2014-15-ലെ ഇന്ത്യയുടെ മൊത്തം ചെമ്മീൻ കയറ്റുമതിയിൽ നിന്ന് ലഭിച്ച വരുമാനമായ 22,468.12 കോടി രൂപയിൽ 17,180.40 കോടി രൂപ വളർത്തുകൊഞ്ചിന്റെ കയറ്റുമതിയിൽ നിന്നുള്ള വരുമാനമാണ്. അതിൽ കേരളത്തിൽ നിന്ന് 974.78 കോടി രൂപയുടെ (US ഡോളർ 160.81 മില്ല്യൻ) 17,192.81 ടൺ വളർത്തുകൊഞ്ച് കയറ്റുമതി ചെയ്തിട്ടുണ്ട്. ആറ്റുകൊഞ്ച്, വനാമി ചെമ്മീൻ എന്നീ ഇനങ്ങളാണ് പ്രധാനമായും കയറ്റുമതി ചെയ്യുന്നത്. സംസ്ഥാന സർക്കാർ മത്സ്യസമൃദ്ധി പദ്ധതി മുഖേനയും അഡാക്ക് മുഖേനയും ചെമ്മീൻ കൃഷി നടപ്പിലാക്കുന്നുണ്ട്.

(സി) കയറ്റുമതി പ്രാധാന്യമുള്ള കൊഞ്ചിനങ്ങൾ കൂടുതൽ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുന്നതിനും കർഷകർക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിനുമുള്ള പദ്ധതികൾ ഇതിനകം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഉൾനാടൻ മത്സ്യ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കിയ മത്സ്യസമൃദ്ധി പദ്ധതി മുഖേന ശുദ്ധജല മത്സ്യ/ആറ്റുകൊഞ്ച് കൃഷിക്ക് ഹെക്ടറിന് 10000 രൂപയും ഓരുജല ചെമ്മീൻ കൃഷിക്ക് ഹെക്ടറിന് 20000 രൂപയും സബ്സിഡിയായി നൽകിയിരുന്നു. പദ്ധതി മുഖേന 2014-15 വർഷത്തിൽ 2500 ഹെക്ടറിൽ ചെമ്മീൻ കൃഷിയും 9834 ഹെക്ടറിൽ മത്സ്യ/ആറ്റുകൊഞ്ച് കൃഷിയും നടപ്പിലാക്കുവാൻ സാധിച്ചു. മത്സ്യസമൃദ്ധി പദ്ധതി മുഖേന കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി (2012-2015) ഏകദേശം 29 ടൺ വളർത്തുകൊഞ്ചും (ആറ്റ് കൊഞ്ച്) 6700 ഓളം ടൺ ചെമ്മീനും ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്ത് 138.45 കോടി രൂപയുടെ വിറ്റുവരവ് കണക്കാക്കുന്നു. അഡാക്ക് മുഖാന്തിരം നടപ്പിലാക്കിവരുന്ന 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് കട്ടനാട് പാക്കേജ് ഒരു നെല്ലും ഒരു മീനും പദ്ധതി വഴി 5600 കിലോഗ്രാം ആറ്റുകൊഞ്ച് വിളവെടുത്തിട്ടുണ്ട്. ഇതിൽ നിന്നും കർഷകർക്ക് 22.4 ലക്ഷം രൂപ വരുമാനം ലഭിച്ചു. ഇന്റഗ്രേറ്റഡ് ഫാമിംഗ് 2014-2015 പദ്ധതിയിൽ പൊക്കാളി നിലങ്ങളിലെ ചെമ്മീൻ കൃഷിയിൽ ഈ കഴിഞ്ഞ വർഷം 205.60 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽ വാണിജ്യപ്രാധാന്യമുള്ള 133.645 ടൺ കാരചെമ്മീൻ (P.monodon) ഉത്പാദനവും, കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതിയിൽ 116 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽ 19.75 ടൺ ആറ്റുകൊഞ്ച് (M.rosenbergii) ഉത്പാദനവും ആർ.കെ.വി.വൈ. ധനസഹായത്തോടെ നടപ്പിലാക്കിയ സംയോജിത

LIBRARY ARCHIVES Kerala Legislative Assembly

ആറ്റുകൊഞ്ച് മത്സ്യകൃഷി പദ്ധതിയിൽ 75 ടൺ ആറ്റുകൊഞ്ചും ലഭിക്കുകയുണ്ടായി. കൈപ്പാട് കൃഷി പുനരുദ്ധാരണ പദ്ധതി വഴി 2012-13 വർഷത്തിൽ 18 ഗ്രൂപ്പുകൾക്കുള്ള പദ്ധതിയിൽ 53.469 ടൺ ചെമ്മീൻ വിളവെടുപ്പ് നടത്തിയിട്ടുണ്ട്. 2013-14 വർഷം 17 ഗ്രൂപ്പുകൾ ചെമ്മീൻ കൃഷി ചെയ്യുകയും ഇതുവരെ 1.372 ടൺ ചെമ്മീൻ ഉത്പാദനം നടത്തുകയും ചെയ്തു. കൂടാതെ പൊതു ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 114 ലക്ഷം വളർത്തുകൊഞ്ച് ഉൾപ്പടെയുള്ള വിവിധയിനങ്ങളെ പൊതു ജലാശയങ്ങളിൽ നിക്ഷേപിക്കുകയുണ്ടായി.

2015-2018 കാലയളവിൽ നടപ്പിലാക്കുന്ന മത്സ്യസമൃദ്ധി II എന്ന പദ്ധതിയിലൂടെ ശാസ്ത്രീയമായ കൃഷിരീതികൾ ഉപയോഗിച്ച് വിപണിയിൽ എപ്പോഴും ആവശ്യമുള്ളതും കയറ്റുമതി രംഗത്ത് പ്രചാരമുള്ളതുമായ ചെമ്മീൻ വിത്തുകൾ (ശുദ്ധജല ആറ്റുകൊഞ്ച്, കാര ചെമ്മീൻ, നാരൻ ചെമ്മീൻ, വനാമി ചെമ്മീൻ മുതലായവ) പദ്ധതി മുഖേന കർഷകർക്ക് ലഭ്യമാക്കുവാനും ഏകദേശം 8000 ഹെക്ടർ ഏരിയയിൽ ആറ്റുകൊഞ്ച്/ ചെമ്മീൻ കൃഷി വ്യാപിപ്പിക്കുവാനും ലക്ഷ്യമിടുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ പൊയ്യാ ഫാമിന്റെ പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പൊയ്യാ ഫാമിലെ 2 ഹെക്ടർ വിസ്തൃതിയിൽ പരീക്ഷണാടിസ്ഥാനത്തിൽ വനാമി കൃഷി ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ടി പദ്ധതി വിജയകരമായാൽ കർഷകർക്ക് സാമ്പത്തിക സഹായം നൽകി വിപുലമായ രീതിയിൽ വനാമി കൃഷി നടപ്പിലാക്കാവുന്നതാണ്.

കരിപ്പൂർ വിമാനത്താവളത്തിലെ അനിഷ്ട സംഭവങ്ങൾ

12 (*462) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. പി. ഉബൈദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിപ്പൂർ വിമാനത്താവളത്തിലെ അനിഷ്ട സംഭവങ്ങളെത്തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും എന്തൊക്കെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഈ സംഭവത്തിനു കാരണമായ യഥാർത്ഥ പ്രശ്നങ്ങൾ എന്തൊക്കയാണെന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇതിനെത്തുടർന്ന് സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ, ഇത്തരം സ്ഥിതിവിശേഷം ആവർത്തിക്കാതിരിക്കാനും, വിമാനത്താവളങ്ങളുടെ പ്രവർത്തനവും വികസനവും മുരടിപ്പിക്കാൻ നടക്കുന്ന സംഘടിതശ്രമങ്ങളെ ചെറുത്തു തോൽപ്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly